(ബി) ഇത്തരം പഞ്ചായത്തുകളിൽ ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് 434 പഞ്ചായത്തുകളിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികളോ ആശുപത്രികളോ നിലവിലില്ല. 144 പഞ്ചായത്തുകളിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലില്ല. പ്രസ്തുത പഞ്ചായത്തുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി തെരഞ്ഞെടുപ്പ്**

117 (2588) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ പുതുക്കിയ നിയമാവലി പ്രകാരം ഉപദേശക സമിതികളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം ഭക്തജനങ്ങൾ രജിസ്റ്റർ ചെയ്ത വകയിൽ ദേവസ്വം ബോർഡിന് എന്തു തുക ലഭിച്ചിട്ടുണ്ട് ;

(സി) ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വാർഷിക അറ്റകുറ്റപ്പണികൾ ഉപദേശക സമിതി നിർവ്വഹിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ; അതിന് ദേവസ്വം ബോർഡിൽനിന്നും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പുതുക്കിയ നിയമാവലി പ്രകാരം ഉപദേശക സമിതി തെരഞ്ഞെടുപ്പുകൾ നടന്നുവരുന്നു. ഭൂരിഭാഗം ക്ഷേത്രങ്ങളിലും തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്.

(ബി) ഉപദേശക സമിതി അംഗത്വത്തിന് ഒരാളിൽനിന്നും 100 രൂപയാണ് ഈടാക്കുന്നത്. അംഗത്വ വിതരണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആകെ എന്തു തുക ലഭിച്ചു എന്നത് കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

(സി) ഉണ്ട്. ഉപദേശക സമിതി ഇല്ലാത്ത ക്ഷേത്രങ്ങളിലും ഉപദേശക സമിതിക്ക് നടത്തുവാൻ കഴിയാത്ത അത്യാവശ്യ അറ്റകുറ്റപ്പണികളും ബോർഡ് നേരിട്ട് നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly